D. NO. 7950/22

DISTRICT & SESSIONS COURT
25 JUL 2022
7999
KOZHIKODE - 673 032

A1

തിയ്യതി : 25.07.2022.
ഫോൺ : 0487 - 2360248
ഇ-മെയിൽ : dcourttsr.ker@nic.in

**നോട്ടീസ്**

തൃശ്ശൂർ ജില്ലയിൽ നിലവിലുള്ളതും, പുതിയതായി ആരംഭിക്കാൻ പോകുന്നതുമായ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ (POCSO) കോടതികളിലേക്ക് താഴെ പറയുന്ന തസ്തികകളിലെ പ്രതീക്ഷിത ഒഴിവുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

**വകുപ്പ്:- സിവിൽ ജുഡീഷ്യറി.**

| ക്രമ നമ്പർ | തസ്തിക | വേതനം |
|---|---|---|
| 1. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | ₹ 22,290/- |
| 2. | കമ്പ്യൂട്ടർ അസിസ്റ്റന്റ്/എൽ.ഡി. ടൈപ്പിസ്റ്റ് | ₹ 21,175/- |
| 3. | ഓഫീസ് അറ്റൻഡന്റ് | ₹ 18,390/- |

**യോഗ്യത:-**

1. അപേക്ഷകർ അവർ അപേക്ഷിക്കുന്ന തസ്തിക ആല്ലെങ്കിൽ ഉയർന്ന തസ്തികകളിൽ കോടതികളിൽ നിന്നോ, കോടതിയോട് സമാനതയുള്ള വകുപ്പുകളിൽ നിന്നോ അല്ലെങ്കിൽ മറ്റു സർക്കാർ വകുപ്പുകളിൽ നിന്നോ വിരമിച്ചവർ ആയിരിക്കണം.
2. അപേക്ഷകർക്ക് 62 വയസ്സ് പൂർത്തിയാകാൻ പാടുള്ളതല്ല.
3. കോടതികളിൽ നിന്നും വിരമിച്ചവർക്ക് മുൻഗണന ഉണ്ടായിരിക്കും.

നിയമനം തുടർച്ചയായ 179 ദിവസത്തേക്കോ അല്ലെങ്കിൽ നിയമിക്കപ്പെടുന്ന വ്യക്തിക്ക് 62 വയസ്സ് പൂർത്തിയാകുന്നതുവരെയോ ഇവയിൽ ഏതാണോ ആദ്യം വരിക, അതുവരെ ആയിരിക്കും. അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയുടേയും, യോഗ്യതകളുടേയും, കൂടിക്കാഴ്ചകളുടേയും അടിസ്ഥാനത്തിൽ ഓരോ തസ്തികയിലേക്കും തയ്യാറാക്കുന്ന പട്ടികയിൽ നിന്ന് മുൻഗണനാ ക്രമത്തിൽ ആയിരിക്കും നിയമനം. യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ പൂർണ്ണമായ ബയോ-ഡാറ്റയും, വയസ്സ്, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടേയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം **ജില്ലാ ജഡ്ജ്, ജില്ലാ കോടതി സമുച്ചയം, അയ്യന്തോൾ, തൃശ്ശൂർ - 680 003** എന്ന വിലാസത്തിൽ **10.08.2022** ന് വൈകുന്നേരം 5 മണിക്ക് മുൻപായി ലഭിക്കുന്ന വിധം നേരിട്ടോ, തപാൽ മുഖേനയോ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
**ജില്ലാ ജഡ്ജ്-ഇൻ-ചാർജ്.**

//ശരി പകർപ്പ്//

(ഉത്തരവിൻ പ്രകാരം)
**ശിരസ്തദാർ.**

മറുപുറം